"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുഭരണ വകുപ്പ് - ഓണാഘോഷം 2026 - "ഹരിത ഓണം" - ഓണാഘോഷത്തെ മാലിന്യരഹിതമായി ആചരിക്കുക-ആഘോഷത്തോടനുബന്ധിച്ച് മാലിന്യം ഉണ്ടാകുന്നത് കുറയ്ക്കുക- ഗ്രീൻ പ്രോട്ടോകോൾ പാലനം നിർബന്ധമാക്കുന്നു- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (ഏകോപനം) വകുപ്പ്**

സ.ഉ.(സാധാ) നം.4219/2026/GAD തീയതി,തിരുവനന്തപുരം, 18-08-2026

---

പരാമർശം:-

1) ഖരമാലിന്യ പരിപാലന ചട്ടം, 2026

2) ബഹു. സുപ്രീം കോടതിയുടെ സിവിൽ അപ്പീൽ നം. 6174/2023 കേസിലെ 19-02-2026-ലെ ഉത്തരവ്.

3) 02.07.2026 ന് ബഹു.മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന സംഘാടക സമിതി യോഗം.

4) 02.07.2026 ബഹു. വിനോദ സഞ്ചാര വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ തൈക്കാട് ഗവ. ഗസ്റ്റ് ഹൗസിൽ വച്ച് ചേർന്ന യോഗം.

**<u>ഉത്തരവ്</u>**

സമൃദ്ധിയും വൃത്തിയും ചേർന്നതാണ് ഓണം. ഇത്തവണ ഓണം മാലിന്യരഹിതമായി ആഘോഷിക്കാൻ നമുക്ക് കഴിയണം. മാലിന്യ ശേഖരണത്തിനുള്ള അടിസ്ഥാന സൗകര്യങ്ങളും ഹരിതകർമ്മസേനയുടെ സേവനവും കേരളത്തിന്റെ മുഴുവൻ പ്രദേശങ്ങളിലും ലഭ്യമാണ്. ഓണാഘോഷത്തെ മാലിന്യരഹിതമാക്കാനും മാലിന്യം ഉണ്ടാകുന്നത് കുറയ്ക്കാനും ബോധപൂർവ്വമായ ഇടപെടലും എല്ലാ വിഭാഗം ജനങ്ങളുടെയും കൂട്ടായ സഹകരണവും അനിവാര്യമാണ്. ഓണാഘോഷപരിപാടികൾ ആരംഭിക്കുന്നത് ചുറ്റുവട്ടം വൃത്തിയാക്കിയും പൂക്കളങ്ങളും അലങ്കാരങ്ങളും കൊണ്ട് ദൃശ്യഭംഗി വരുത്തിയുമാണ്. ഇത്തവണത്തെ ഓണാഘോഷം വൃത്തിയുടെ ആഘോഷമാക്കി മാറ്റാൻ നമ്മുക്ക് കഴിയണം. "വൃത്തിയുള്ള കേരളം" എന്ന ലക്ഷ്യം കേരളമാകെ അനുഭവവേദ്യമാക്കാനും അവ ചർച്ച ചെയ്യുന്നതിനുള്ള അന്തരീക്ഷം സൃഷ്ടിക്കുന്ന രീതിയിൽ ഓണാഘോഷം സംഘടിപ്പിക്കാനുമുള്ള നേതൃത്വപരമായ ചുമതല സംസ്ഥാന സർക്കാരിന്റെ ഓരോ വകുപ്പുകൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുമുണ്ട്. ഇതിനാവശ്യമായ കർമ്മപരിപാടി ഓരോ വകുപ്പുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്. ആയതിനുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

**<u>എന്ത് കൊണ്ട് ഹരിത ഓണം</u>**

സംസ്ഥാന സർക്കാരിന്റെ മാലിന്യ സംസ്കരണ നയത്തിന്റെ അടിസ്ഥാനത്തിൽ

സംസ്ഥാനത്ത് പ്രതിദിനം രൂപപ്പെടുന്ന ഖരമാലിന്യത്തിന്റെ അളവ് 10004 ടൺ ആണ്. ഓണം എന്നത് കേരളത്തെ സംബന്ധിച്ചിടത്തോളം വ്യാപാര ഉത്സവം കൂടിയാണ്. എന്നതിനാൽ ഓണത്തോടനുബന്ധിച്ചുള്ള മാസങ്ങളിൽ സംസ്ഥാനത്തിന്റെ പ്രതിദിന ഖരമാലിന്യ ഉത്പാദന തോതിൽ 40 ശതമാനം വരെ വർദ്ധനവ് രേഖപ്പെടുത്താറുണ്ട്. ആയത് കൊണ്ട് തന്നെ ഓണക്കാലത്ത് വിവിധ സംഘടനകളും സർക്കാർ വകുപ്പുകളുമൊക്കെ സംഘടിപ്പിക്കുന്ന പ്രത്യേക ഓണാഘോഷ പരിപാടികളും കൂടിച്ചേരുമ്പോൾ ഒരു മാസത്തിൽ 4,20,120 ടൺ മാലിന്യം കൈകാര്യം ചെയ്യേണ്ടതായി വരുന്നു. ആയത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം ഏറെ വെല്ലുവിളി നിറഞ്ഞ സാഹചര്യമാണ്. മാത്രമല്ല ഇത്തരത്തിൽ രൂപപ്പെടുന്ന മാലിന്യങ്ങൾ പൊതു ഇടങ്ങളിലോ ജലസ്രോതസ്സുകളിലോ അശാസ്ത്രീയമായി നിക്ഷേപിക്കപ്പെടുന്ന സാഹചര്യവും അതിലൂടെ ഗുരുതര മലിനീകരണ പ്രശ്നങ്ങളും, വെള്ളപൊക്കം, പകർച്ചവ്യാധികൾ വർദ്ധിക്കുന്നത് ഉൾപ്പെടെയുള്ള ആരോഗ്യ പ്രശ്നങ്ങളും റിപ്പോർട്ട് ചെയ്ത് വരുന്നുണ്ട്. മേൽ സാഹചര്യത്തിൽ മാലിന്യം രൂപപ്പെടുന്നതിന്റെ അളവ് പരമാവധി കുറച്ചും, ജൈവമാലിന്യം അതാതിടങ്ങളിൽ ശാസ്ത്രീയമായി സംസ്കരിച്ചും, അജൈവ മാലിന്യങ്ങൾ തരംതിരിച്ച് ഹരിതകർമ്മ സേന മുഖേന ശാസ്ത്രീയ സംസ്കരണത്തിന് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറേണ്ടതുമുണ്ട്. കൂടാതെ പരാമർശം (1) പ്രകാരമുള്ള പുതിയ ഖരമാലിന്യ പരിപാലന ചട്ടത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം മാലിന്യത്തിന്റെ അളവ് കുറയ്ക്കൽ. നാലായി തരംതിരിക്കൽ (ജൈവം, അജൈവം, സാനിട്ടറി, പ്രത്യേകമായി കൈകാര്യം ചെയ്യേണ്ടവ ) ശാസ്ത്രീയ സംസ്കരണം എന്നിവ നടത്താത്ത പക്ഷം സംസ്ഥാന സർക്കാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ/ ഉദ്യോഗസ്ഥർ, ജില്ലാ കളക്ടർമാർ ഉൾപ്പടെ ഖര മാലിന്യ പരിപാലന ചട്ടങ്ങൾ പാലിക്കാത്ത വ്യാപാര വ്യവസായ സ്ഥാപനങ്ങൾ, പൗരൻമാർ, കേന്ദ്ര-സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതാണെന്നും ബഹു.സുപ്രീം കോടതിയും ഉത്തരവായിരുന്നു.

മേൽ സാഹചര്യത്തിൽ ഹരിത ഓണം എന്ന ലക്ഷ്യപ്രാപ്തിക്കായി ഓരോ മേഖലയിലും ഉൾപ്പെട്ടവർ ചെയ്യേണ്ട പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

<u>എങ്ങനെ ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കാം</u>

പ്ലാസ്റ്റിക് ഉല്പന്നങ്ങൾ, നിരോധിത ഡിസ്പോസിബിൾ വസ്തുകൾ (പേപ്പർ കപ്പുകൾ, പ്ലാസ്റ്റിക് കപ്പുകൾ/പ്ലേറ്റുകൾ, തെർമോക്കോൾ പ്ലേറ്റുകൾ, നിരോധിത ഫ്ലെക്സ് ഉല്പന്നങ്ങൾ പ്ലാസ്റ്റിക് ക്യാരി ബാഗുകൾ, പ്ലാസ്റ്റിക് കറി കവറുകൾ/ പാത്രങ്ങൾ എന്നിവ ഒഴിവാക്കി മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിലൂടെ

- നിരോധിത പി.വി.സി ഫ്ലെക്സിന് പകരം റീസൈക്ലബിൾ പോളി എത്തിലിൻ/തുണി ചണം എന്നിവ ഉപയോഗിച്ച് ബാനർ/ ഹോർഡിങ്ങുകൾ പ്രിന്റ് ചെയ്യുന്നതിലൂടെ
- ശാസ്ത്രീയമായി മാലിന്യം തരംതിരിച്ച് സംസ്കരിക്കുന്നതിലൂടെ
- പൊതു ഇടങ്ങളിലും സ്ഥാപനങ്ങളിലും ജൈവ അജൈവ മാലിന്യം തരംതിരിച്ച് ബിന്നുകളിൽ നിക്ഷേപിക്കുന്നതിലൂടെ
- അജൈവ മാലിന്യം വലിച്ചെറിയാതെ/ കത്തിക്കാതെ/ ജലസ്രോത്രസുകളിൽ നിക്ഷേപ്പിക്കാതെ

ഹരിത കർമ്മസേനയ്ക്ക് കൈമാറുന്നതിലൂടെ

- പ്ലാസ്റ്റിക് ക്യാരിബാഗ് ഒഴിവാക്കി തുണി സഞ്ചി ഉപയോഗിക്കുന്നതിലൂടെ
- പ്ലാസ്റ്റിക് പാഴ്സൽ പാക്കിംഗ് ഒഴിവാക്കുന്നതിലൂടെ
- പ്ലാസ്റ്റിക്/ തെർമോക്കോൾ പോലുള്ള ഡിസ്പോസിബിൾ സ്നാക്സ് പാത്രങ്ങൾ ഒഴിവാക്കുന്നതിലൂടെ
- പകരം കഴുകി ഉപയോഗിക്കാവുന്ന പാത്രങ്ങൾ. തുണി സഞ്ചികൾ. റീസൈക്കിൾ ചെയ്യാവുന്ന ഉൽപ്പന്നങ്ങൾ ഉപയോഗിക്കുന്നതിലൂടെ
- കുടിവെള്ള കുപ്പികൾക്ക് പകരം സ്റ്റീൽ ബോട്ടിലുകൾ കൈയ്യിൽ കരുതുന്നതിലൂടെ
- ശുചിത്വ മിഷൻ/ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അംഗീകരിച്ച ഏജൻസികൾക്ക് മാത്രം മാലിന്യം ശാസ്ത്രീയ സംസ്കരണത്തിന് കൈമാറുന്നതിലൂടെ

**<u>I. സർക്കാർ വകുപ്പുകളുടെ ചുമതലകൾ</u>**

- അതാത് സർക്കാർ വകുപ്പുകൾക്ക് കീഴിൽ നടത്തപ്പെടുന്ന പൊതുവായ ഓണാഘോഷ പരിപാടികളിൽ മാലിന്യത്തിന്റെ അളവ് കുറയ്ക്കുക, ഗ്രീൻ പ്രോട്ടോകോൾ സാധ്യമാക്കുക. ആയത് സംബന്ധിച്ച മികച്ച പ്രചരണം ജീവനക്കാർക്കിടയിലും ജനങ്ങൾക്കിടയിലും നടത്തുക.
- ഓരോ വകുപ്പിന് കീഴിലുമുള്ള സർക്കാർ സ്ഥാപനങ്ങളിൽ സംഘടിപ്പിക്കുന്ന ഓണാഘോഷത്തിന് ഗ്രീൻ പ്രോട്ടോകോൾ നിർബന്ധമാക്കുക. ആയത് വകുപ്പ് സെക്രട്ടറിമാരും ഓഫീസ് മേലധികാരികളും ഉറപ്പ് വരുത്തുക
- ജൈവമാലിന്യം പരമാവധി അതാത് ഓഫീസുകളിലോ, തദ്ദേശ സ്വയംഭരണ സ്ഥാപനം മുഖേനയോ ശാസ്ത്രീയമായി സംസ്കരിക്കുക.
- അജൈവ പാഴ്വസ്തുക്കൾ വൃത്തിയാക്കി തരംതിരിച്ച് ഹരിത കർമ്മ സേനയ്ക്ക് നൽകുക.
- നിരോധിത ഡിസ്പോസിബിൾ ഉൽപ്പന്നങ്ങൾ (പേപ്പർ കപ്പുകൾ, പ്ലാസ്റ്റിക് കപ്പുകൾ/പ്ലേറ്റുകൾ, തെർമോക്കോൾ പ്ലേറ്റുകൾ, നിരോധിത ഫ്ലെക്സ് ഉല്പന്നങ്ങൾ, പ്ലാസ്റ്റിക് ക്യാരി ബാഗുകൾ, പ്ലാസ്റ്റിക് കറി കവറുകൾ/ പാത്രങ്ങൾ) പൂർണ്ണമായും ഒഴിവാക്കുക.
- ജൈവം, അജൈവം, സാനിട്ടറി, പ്രത്യേകമായി കൈകാര്യം ചെയ്യേണ്ട മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിന് യഥാക്രമം പച്ച, നീല, ചുവപ്പ്, കറുപ്പ് ബിന്നുകൾ ഓഫീസുകളിൽ സ്ഥാപിച്ച് പ്രവൃത്തിപ്പിക്കുക.
- ജൈവ മാലിന്യം ഉറവിടത്തിൽ സംസ്കരിക്കുക, മറ്റ് മാലിന്യങ്ങൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനം മുഖേന കൈമാറ്റം ചെയ്യുക. തരംതിരിക്കാത്ത മാലിന്യം ഹരിതകർമ്മ സേനയ്ക്ക് കൈമാറുന്നില്ല എന്ന് ഓഫീസ് മേധാവി ഉറപ്പാക്കേണ്ടതാണ്.

- സംസ്ഥാന തലം മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപന തലം വരെയുള്ള ഓഫീസുകളിൽ ഇത് പാലിക്കുന്നുവെന്ന് അതാത് വകുപ്പ് മേധാവിമാർ ഉറപ്പാക്കേണ്ടതാണ്.

- റേഷൻ സ്റ്റോർ, മാവേലി സ്റ്റോർ, ബിവറേജസ് ഔട്ട്ലെറ്റുകൾ ത്രിവേണി സ്റ്റോറുകൾ. വിവിധ ഉല്പന്നങ്ങൾ വിപണിയിൽ എത്തിക്കുന്ന സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ വിഷയത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.

- എല്ലാ വിനോദ സഞ്ചാര കേന്ദ്രങ്ങളിലും, വിനോദ സഞ്ചാര വകുപ്പ് നടത്തുന്ന ഓണാഘോഷ പരിപാടികളിലും ഗ്രീൻ പ്രോട്ടോക്കോൾ പാലനം ചുമതലപ്പെട്ട വകുപ്പുകളും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഉറപ്പ് വരുത്തേണ്ടതാണ്.

- എല്ലാ സർവീസ് സംഘടനകൾക്കും ഹരിതചട്ട പാലനം സംബന്ധിച്ച് അതാത് വകുപ്പ് മേധാവികൾ കൃത്യമായ നിർദേശം നൽകേണ്ടതാണ്.

**<u>II. വ്യാപാരി വ്യവസായികൾ, ഹോട്ടലുകൾ, റസ്റ്റോറന്റുകൾ വഴിയോര കച്ചവടക്കാർ</u>**

- ആഹാരം പാഴ്സൽ ചെയ്യുന്നതിന് ഫുഡ് ഗ്രേഡ് കണ്ടയിനറുകൾ മാത്രം ഉപയോഗിക്കുക.

- സാധനങ്ങൾ നൽകുന്നതിന് തുണി സഞ്ചികൾ, പേപ്പർ പാക്കറ്റുകൾ/ പുനചംക്രമണം യോഗ്യമായ അംഗീകൃത പാക്കറ്റുകൾ മാത്രം ഉപയോഗിക്കുക.

- പൊതുജനങ്ങൾക്ക് മാലിന്യം തരം തിരിച്ച് നിക്ഷേപിക്കുന്നതിന് രണ്ട് തരം ബിന്നുകൾ ആവശ്യാനുസരണം സ്ഥാപിക്കുക (ജൈവം - പച്ച, അജൈവം - നീല).

- ജൈവ, അജൈവ മാലിന്യങ്ങൾ തരം തിരിച്ച് ഹരിത കർമ്മ സേന, അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അംഗീകരിച്ച ഏജൻസികൾക്ക് മാത്രം കൈമാറുക. അംഗീകാരം ഇല്ലാത്ത ഏജൻസികൾക്ക് മാലിന്യം നൽകുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമ നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കുക.

- മാലിന്യം പൊതുവഴിയിലോ, ജലസ്രോതസ്സുകളിലോ നിക്ഷേപിക്കാതിരിക്കൽ, കത്തിക്കാതിരിക്കൽ.

- മാലിന്യം തരം തിരിച്ച് നിക്ഷേപിക്കുന്ന ശീലം ഉപഭോക്താക്കളിൽ ഉണ്ടാക്കുന്നതിന് പ്രചരണ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്. ഇത് സംബന്ധിച്ച ബോർഡുകൾ സ്ഥാപനങ്ങളിൽ സ്ഥാപിക്കൽ

- മാലിന്യസംസ്കരണത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ പിന്തുണ ലഭ്യമാക്കൽ.

**<u>III. ആർട്സ് ആന്റ് സ്പോർട്സ് ക്ലബുകൾ, യുവജന സംഘടനകൾ, ട്രേഡ് യൂണിയനുകൾ, വോളണ്ടിയർ ഗ്രൂപ്പുകൾ, സന്നദ്ധ സംഘടനകൾ, കലാ-കായിക-സാംസ്കാരിക-രാഷ്ട്രീയ-സാമുദായിക സംഘടനകൾ-</u>**

- ഓണാഘോഷ വേദികളിൽ നിരോധിത ഡിസ്പോസിബിൾ ഉല്പന്നങ്ങളുടെ ഉപയോഗം ഒഴിവാക്കുക.
- അഴുകാത്ത മാലിന്യം തരം തിരിച്ച് ഹരിത കർമ്മ സേനയ്ക്ക് നൽകൽ.
- അഴുകുന്ന മാലിന്യങ്ങൾ അതാത് ഇടങ്ങളിൽ തന്നെ ശാസ്ത്രീയമായി സംസ്കരിക്കൽ
- രണ്ട് തരം ബിന്നുകൾ ഉപയോഗിക്കൽ (ജൈവം -പച്ച, അജൈവം - നീല)
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് മാലിന്യ നീക്കത്തിനും ശുചീകരണത്തിനും, ശാസ്ത്രീയ സംസ്കരണം ഉറപ്പാക്കുന്നതിനും പിന്തുണ നല്കണം.
- വ്യാപക ശുചീകരണ, മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ.
- പ്രകൃതി സൗഹൃദ വസ്തുകൾ/റീ-സൈക്കബിൾ പോളി-എത്തലീൻ ബാനറുകൾ മാത്രം പ്രിന്റിങ്ങിന് ഉപയോഗിക്കുക.
- പി. വി. സി ഫ്ലെക്സ് ബാനർ പ്രിന്റിംഗിന് ഒഴിവാക്കുക.

## IV. വിദ്യാഭ്യാസ സ്ഥാപനങ്ങൾ

- നിരോധിത ഡിസ്പോസിബിൾ ഉല്പന്നങ്ങൾ പൂർണമായും ഒഴിവാക്കണം
- ജൈവ മാലിന്യം ശാസ്ത്രീയമായി ക്യാമ്പസുകളിൽ സംസ്കരിക്കുകയോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കൈമാറുകയോ ചെയ്യണം.
- അജൈവ മാലിന്യം വൃത്തിയാക്കി ഹരിത കർമ്മ സേനയ്ക്ക് നല്കണം.
- "ഹരിത ഓണം പ്ലാസ്റ്റിക് രഹിത ഓണം" എന്ന ആശയം മുൻനിർത്തി ക്യാമ്പസുകളിൽ ഓണാഘോഷം സംഘടിപ്പിക്കണം.
- പ്രകൃതി സൗഹൃദ അലങ്കാരങ്ങൾ മാത്രം ഉപയോഗിക്കണം.

## V. റെസിഡന്റ്സ് വെൽഫെയർ അസോസിയേഷനുകൾ

- റെസിഡന്റ്സ് വെൽഫെയർ അസോസിയേഷനുകൾ സംഘടിപ്പിക്കുന്ന ഓണാഘോഷ പരിപാടികളിൽ എല്ലാത്തരം ഡിസ്പോസിബിൾ ഉല്പന്നങ്ങളും ഒഴിവാക്കേണ്ടതാണ്.
- അജൈവ മാലിന്യം തരംതിരിച്ച് മാത്രം ഹരിത കർമ്മ സേനയ്ക്ക് കൈമാറണം.
- ജൈവ മാലിന്യം വീടുകളിൽ തന്നെ ശാസ്ത്രീയമായി സംസ്കരിക്കണം. അതിന് കഴിയാത്തവർ തദ്ദേശ സ്ഥാപനത്തിന് കൈമാറണം.

- ആഘോഷ പരിപാടികൾക്ക് ശേഷം പൊതു ശുചീകരണം ഉറപ്പാക്കണം.
- ഹരിത ഓണ സംഘാടനത്തിന് തദ്ദേശ സ്ഥാപനങ്ങൾക്ക് പൂർണ്ണ പിന്തുണ നൽകണം.
- അസോസിയേഷൻ അംഗങ്ങൾക്കായി ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കണം.
- പിവിസി ഫ്ലക്സ് ബാനർ ഒഴിവാക്കണം, പോളി എത്തലിൻ അല്ലെങ്കിൽ പ്രകൃതി സൗഹൃദ ബാനറുകൾ ഉപയോഗിക്കണം

VI.കാറ്ററിങ് സ്ഥാപനങ്ങൾ

- ഓണാഘോഷ പരിപാടികളിൽ നിരോധിത ഡിസ്പോസിബിൾ ഉല്പന്നങ്ങളുടെ ഉപയോഗം ഒഴിവാക്കുക.
- അഴുകാത്ത മാലിന്യം തരം തിരിച്ച് ഹരിത കർമ്മ സേനയ്ക്ക് കൈമാറുക.
- അഴുകുന്ന മാലിന്യങ്ങൾ അതാത് ഇടങ്ങളിൽ തന്നെ ശാസ്ത്രീയമായി സംസ്കരിക്കുക. അല്ലാത്തപക്ഷം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കൈമാറുക.
- രണ്ട് തരം ബിന്നുകൾ എല്ലാ പരിപാടികളിലും ഉപയോഗിക്കൽ (ജൈവം-പച്ച അജൈവം -നീല)
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് മാലിന്യ നീക്കത്തിനും ശുചീകരണത്തിനും, ശാസ്ത്രീയ സംസ്കരണം ഉറപ്പാക്കുന്നതിനും പിന്തുണ നല്കണം.
- വ്യാപക ശുചീകരണ, മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ.
- പ്രകൃതി സൗഹൃദ റീ സൈക്ലബിൾ പോളി-എത്തലീൻ ബാനറുകൾ മാത്രം ഉപയോഗിക്കുക.
- പി. വി സി ഫ്ലെക്സ് ഒഴിവാക്കുക.
- അലങ്കാരങ്ങൾക്ക് പ്രകൃതി സൗഹൃദ ഉൽപ്പന്നങ്ങൾ മാത്രം ഉപയോഗിക്കുക.
- മാലിന്യം പൊതുവിടങ്ങളിലോ ജലസ്രോതസ്സുകളിലോ നിക്ഷേപിക്കാതിരിക്കുക, കത്തിക്കാതിരിക്കുക.

VII. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ

- റെസിഡന്റ്സ് വെൽഫെയർ അസോസിയേഷനുകൾ, ആർട്സ് ആന്റ് സ്പോർട്സ് ക്ലബുകൾ, കലാ-കായിക-സാംസ്കാരിക-രാഷ്ട്രീയ സാമുദായിക സംഘടനകൾ വ്യാപാരി വ്യവസായികൾ, ഹോട്ടലുകൾ തുടങ്ങിയ സംഘടനകളുടെ യോഗം ഓണത്തിന് മുന്നോടിയായി വിളിച്ച് ചേർത്ത് ഹരിത ചട്ടപാലന നിർദ്ദേശങ്ങൾ നൽകണം.
- രേഖാമൂലം അറിയിപ്പുകൾ ബന്ധപ്പെട്ട ഭാരവാഹികൾ/ ഉടമകൾക്ക് കൈമാറണം.

- എല്ലാ മേഖലകളിലെയും ഓണാഘോഷ പരിപാടികളിൽ 2 ബിൻ സിസ്റ്റം ഉറപ്പാക്കണം. ( ജൈവം- പച്ച, അജൈവം-നീല)

- ഹരിത കർമ്മ സേനയുടെ സേവനം എല്ലാ ഓണാഘോഷ വേദികളിലും ലഭ്യമാക്കണം. ഇത്തരത്തിൽ ഹരിത കർമ്മസേനയുടെ സേവനം പൊതു പരിപാടികളിൽ വിനൃസിക്കുന്ന പക്ഷം അവർക്ക് അനുവദനീയ ദിനബത്ത ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കണം.

- നിരോധിത പ്ലാസ്റ്റിക്/ ഡിസ്പോസിബിൾ ഉല്പന്നങ്ങൾക്കെതിരെ വ്യാപക പ്രചരണ പരിപാടികൾ സംഘടിപ്പിക്കണം.

- നിയമ ലംഘനങ്ങൾ നടത്തുന്നവർക്ക് എതിരെ കർശന നിയമനടപടികൾ സ്വീകരിക്കേണ്ടതും, ആയത് പ്രചരിപ്പിക്കേണ്ടതുമാണ്.

- ആഘോഷ കാലയളവിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന എൻഫോഴ്സ്മെന്റ് നിരീക്ഷണ സംവിധാനം പ്രവർത്തിപ്പിക്കണം.

- നാല് ഇന തരം തിരിക്കൽ പ്രോൽസാഹിപ്പിക്കണം (ജൈവം, അജൈവം, സാനിട്ടറി, പ്രത്യേകതരം)

- ഹരിത ഓണ പ്രചാരണത്തിനായി റെസിഡന്റ്സ് വെൽഫെയർ അസോസിയേഷനുകൾ, ആർട്സ് ആന്റ് സ്പോർട്സ് ക്ലബുകൾ, കലാ-കായിക-സാംസ്കാരിക-രാഷ്ട്രീയ-സാമുദായിക സംഘടനകൾ, ലൈബ്രറികൾ, വ്യാപാരി വ്യവസായികൾ, സ്ഥാപനങ്ങൾ/സംഘടനകളുമായി സഹകരിച്ച് വിവിധ മത്സരങ്ങൾ സംഘടിപ്പിക്കണം.

- മാലിന്യ ശേഖരണം സംഭരണം- കൈമാറ്റം ചെയ്യൽ പ്രവർത്തനങ്ങൾ ആഘോഷ കാലയളവിൽ ഉറപ്പാക്കണം. ആയതിന് മുൻകൂട്ടിയുള്ള ക്രമീകരണങ്ങൾ ഒരുക്കണം.

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൂടുതൽ ചുമതലകൾ സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ഉത്തരവ് ലഭ്യമാക്കണം.

## VIII. നിയമനടപടികൾ

- ഗ്രീൻ പ്രോട്ടോകോൾ ലംഘനം, മാലിന്യം അശാസ്ത്രീയമായി കൈകാര്യം ചെയ്യൽ, ജലസ്രോതസ്സുകളിൽ നിക്ഷേപിക്കൽ, കത്തിക്കൽ, പൊതു ഇടങ്ങളിൽ നിക്ഷേപിക്കൽ തുടങ്ങിയ കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ സ്പോട്ട് ഫൈൻ, സ്ഥാപനങ്ങൾ/സംഘടനകളുടെ രജിസ്ട്രേഷൻ റദ്ദാക്കൽ പ്രോസിക്യൂഷൻ നടപടികൾ തുടങ്ങിയവ സ്വീകരിക്കുന്നതാണ്.

- കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപെട്ടാൽ 9446700800 എന്ന വാട്സ്ആപ്പ് നമ്പറിലേക്ക് കുറ്റകൃത്യം ചെയ്യുന്നവരുടെ ഫോട്ടോ സഹിതം പൊതുജനങ്ങൾക്ക് അയക്കാവുന്നതാണ്. കുറ്റക്കാരിൽ നിന്നും ഈടാക്കുന്ന പിഴത്തുകയുടെ 25 ശതമാനം പരാതിക്കാരന് ലഭിക്കുന്നതാണ്.

## IX. പൊതു നിർദ്ദേശങ്ങൾ

- ഓണാഘോഷത്തിന് ഭക്ഷണ - കുടിവെള്ള വിതരണത്തിന് വാഴയില, കഴുകി ഉപയോഗിക്കാവുന്ന പാത്രങ്ങൾ മാത്രം ഉപയോഗിക്കുക.

- അജൈവ മാലിന്യം കൂട്ടികലർത്താതെ തരംതിരിച്ച് മാത്രം കൈകാര്യം ചെയ്യുക.

- മാലിന്യം കൈമാറുന്നതിന് അനധികൃത ഏജൻസികളുടെ സേവനം ഒരു കാരണവശാലും ഉപയോഗിക്കരുത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കുന്ന ഏജൻസികളുടെ സേവനം മാത്രം ഉപയോഗിക്കുക.

- ഹരിത കർമ്മ സേനയുടെ സേവനം യൂസർഫീ നൽകി ഉപയോഗപ്പെടുത്തുക.

- പേപ്പർ/പ്ലാസ്റ്റിക് കപ്പുകൾ, തെർമോക്കോൾ പ്ലേറ്റുകൾ, സ്നാക്സ് പാത്രങ്ങൾ, കുടിവെള്ള കുപ്പികൾ തുടങ്ങിയ ഡിസ്പോസിബിൾ ഉൽപ്പന്നങ്ങൾ മാലിന്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതിനാൽ അവ ഒഴിവാക്കണം. പകരം കഴുകി ഉപയോഗിക്കാവുന്ന പാത്രങ്ങൾ, തിളപ്പിച്ചാറിയ വെള്ളം എന്നിവ ഉപയോഗിക്കാം.

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ മുൻകൂട്ടി അറിയിച്ചു മാത്രം സംഘടനകൾ/ സ്ഥാപനങ്ങൾ ആഘോഷ പരിപാടികൾ സംഘടിപ്പിക്കുക.

- ഹരിത ഓണ പ്രചരണത്തിന് സോഷ്യൽ മീഡിയ ക്യാമ്പയിൻ മറ്റ് പ്രചാരണ പരിപാടികൾ എന്നിവ വിവിധ സംഘടനകൾ/ സ്ഥാപനങ്ങൾക്ക് ഏറ്റെടുത്ത് നടപ്പിലാക്കാം.

- ഓണാഘോഷത്തിന് ശേഷം പൊതു ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് വിവിധ സംഘടനകൾ/ സ്ഥാപനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് പ്രവൃത്തിക്കണം.

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് എല്ലാ സംഘടനകൾ/ സ്ഥാപനങ്ങളും മികച്ച പിന്തുണ ലഭ്യമാക്കണം.

- നിയമലംഘനങ്ങൾ കണ്ടാൽ ഉടനെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ വിവരം അറിയിക്കുക.

- 9446700800 എന്ന വാട്സ്ആപ്പ് നമ്പരിലേക്ക് നിയമ ലംഘനങ്ങൾ ഫോട്ടോ സഹിതം അറിയിക്കേണ്ടതാണ്.

- ഈ ഉത്തരവിൽ പ്രതിപാദിച്ചിരിക്കുന്ന വിഷയങ്ങളിൽ കൂടുതൽ വ്യക്തത ആവശ്യമാകുന്നപക്ഷം, തദ്ദേശ സ്വയംഭരണ (ഡബ്ല്യൂ.എം) വകുപ്പ്-മായി (0471-2517427) നേരിട്ട് ബന്ധപ്പെടേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ANIL JOHNEY

അഡിഷണൽ സെക്രട്ടറി

എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ വകുപ്പ മേധാവികൾക്കും
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും
ഗവർണറുടെ സെക്രട്ടറി, ലോക് ഭവൻ, തിരുവനന്തപുരം
സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ
എല്ലാ പൊതുമേഖലാ, സ്വയംഭരണ സ്ഥാപനങ്ങളുടേയും മേധാവികൾക്ക്
എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, പട്ടം, തിരുവനന്തപുരം
എല്ലാ യൂണിവേഴ്സിറ്റികളുടെയും രജിസ്ട്രാർമാർക്ക്
നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (മാധ്യമങ്ങളിലൂടെ വിപുലമായ പ്രചരണത്തിനും സർക്കാർ വെബ്സൈറ്റിൽ ചേർക്കുന്നതിനും)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്(E 3602641)

ഉത്തരവിൻ പ്രകാരം

Digitally signed by
Sabu T K
Date: 19-08-2026
10:22:57

സെക്ഷൻ ഓഫീസർ

പകർപ്പ്-

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിയ്ക്ക്